**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2696** **13-02-2024 - ൽ മറുപടിയ്ക്ക്**

**ചെറുകിട വ്യവസായ പ്രോത്സാഹന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്ക ന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം സംസ്ഥന സർക്കാറിന്റെ പരിഗണനയിലുണ്ട്. ഇതിന്റെ ഭാഗമായി കേരള വ്യവസായ നയം, 2023 അംഗീകരിച്ച ഉത്തരവായിട്ടുണ്ട്.<br><br>കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നു തരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ട് വയ്ക്കുന്നു.<br><br>വ്യവസായ നയത്തിന്റെ ഉദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഏഴ് സുപ്രധാന നയ സ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നയം വിഭാവനം ചെയ്യുന്നു. ടി ഏഴ് സുപ്രധാന നയ സ്തംഭങ്ങളിൽ ഒന്നാണ് സംരംഭകത്വ പ്രോത്സഹനം.<br><br>ഏവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്ന ആരോഗ്യകരമായ സംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് നയത്തിന്റെ ലക്ഷ്യമാണ്. ആശയ രൂപീകരണത്തിനും നിർവ്വഹണത്തിനുമുള്ള ഇൻക്യൂബേറ്റർ, ധനസഹായം, എളുപ്പത്തിലുള്ള വായ്പാലഭ്യത, നൈപുണ്യ വികസനവും പരിശീലനവും, നിക്ഷേപ സഹായക കേന്ദ്രങ്ങൾ എന്നിവ വഴി സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ച വരുന്നു. |

1. നവ സംരംഭകരെ പ്രോത്സാഹിപ്പിക്കു ന്നതിനും സംരംഭക സംസ്കാരം വളർത്തുന്നതിനും സംരഭകർക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നു.

2. സൂക്ഷ്മ, ഇടത്തരം ചെറുകിട സംരംഭങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി നടപ്പിലാക്കി. പദ്ധതി, സംരംഭകവർഷം 2.0 എന്ന പേരിൽ 2023-24 വർഷവും തുടരുന്നു. ഓരോ ജില്ലയിലും സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നത് വഴി തൊഴിലവസരങ്ങൾ വർധിപ്പിക്കും. ശേഷി വികസനവും സഹായക പദ്ധതികളും സാങ്കേതിക വിദ്യയും അറിവും പങ്കുവയ്ക്കും. സാങ്കേതിക സഹായവും ധനസഹായവും ഇതിന്റെ ഭാഗമായി ഉണ്ടാകും.

3. പ്രവാസി നിക്ഷേപകർക്ക് സർക്കാരുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ തുടങ്ങാൻ പ്രോത്സാഹനം നൽകുന്നു.

4. സംരംഭകർക്ക് മാർഗനിർദേശങ്ങൾ നൽകുന്ന മെന്റർഷിപ്പ് സംവിധാന സർക്കാർ ഏജൻസികൾ വഴിയും ഇൻക്യൂബേഷൻ സെന്ററുകൾ വഴിയും നടപ്പാക്കുന്നു.

5. സംരംഭകർക്കായി പുതുതലമുറ പദ്ധതികൾ ആവിഷ്കരിക്കുയും സംസ്ഥാന സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് (KIED) മുഖേന കോളേജുകളിൽ സംരംഭകത്വ ക്ലബ്ബുകൾ രൂപീകരിക്കുന്നു.

6. സംസ്ഥാനത്ത് എങ്ങനെ ഒരു സംരംഭം തുടങ്ങാമെന്നത് സംബന്ധിച്ച് ലളിതമായി വിവരിക്കുന്ന മാർഗനിർഗ്ഗേശങ്ങളും സംശയനിവാരണ സംവിധാനവും വികസിപ്പിക്കുന്നു.

7. എല്ലാ മേഖലയിലും പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നതിനായുള്ള സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നു.

ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പുതിയ പദ്ധതിയായ പി.എം വിശ്വകർമ പദ്ധതിയും സംസ്ഥാനത്ത് നടപ്പാക്കുന്നു.

**പി.എം വിശ്വകർമ പദ്ധതി (കേന്ദ്രാവിഷ്കൃതം):-**

വിശ്വകർമ്മ സമൂഹത്തിനും സമാനമായ ചില തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും കാലഘട്ടത്തിനനുസരിച്ച് സാമ്പത്തിക പിന്തുണയും

അവർക്കാവശ്യ മായ പരിശീലനവും നൽകികൊണ്ട് അവരുടെ ബിസിനസ്സ് വളർത്തിയെടുക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് PM വിശ്വകർമ്മ യോജന. ഈ പദ്ധതിയിൽ അംഗങ്ങളാകാൻ കഴിയുന്ന തൊഴിൽ വിഭാഗങ്ങൾ ഇവയാണ്.

1.ആശാരിമാർ
2സ്വർണ്ണപണിക്കാർ
3.കൽപ്പണിക്കാർ
4.ഇരുമ്പ്പണിക്കാർ
5. ശിൽപ്പിമാർ (കരിങ്കല്ലിൽ ചിത്ര പണികൾ ചെയ്യുന്നവർ)
6.ബോട്ട്പണിയുന്നവർ
7.തയ്യൽക്കാർ
8.മീൻവല നിർമ്മിക്കുന്നവർ
9.മൺപാത്രം നിർമ്മിക്കുന്ന കുശവൻമാർ
10.ബാർബർമാർ
11.അലക്കുക്കാരൻ
12. കൊട്ട, പായ, ചൂല്, കയർ എന്നിവ ഉണ്ടാക്കുന്ന ജോലിക്കാർ
13. പരമ്പരാഗതമായി പാവകൾ ഉണ്ടാക്കുന്നവർ
14.മാല നിർമ്മിക്കുന്നവർ
15. തുകൽ/പാദരക്ഷാ/ലാടൻ ജോലിക്കാർ

**ഈ പദ്ധതിയിൽ രജിസ്റ്റർ ചെയുന്നവർക്ക് ലഭ്യമാകുന്ന ഗുണങ്ങൾ**

1. സർട്ടിഫിക്കറ്റും ഐഡന്റിറ്റി കാർഡും ലഭിക്കുന്നു.
2.ട്രെയിനിങ്ങ്
3. ട്രെയിനിങ്ങ് സമയത്ത് ദിവസം 500 രൂപ സ്റ്റൈപ്പൻറ്
4. ട്രെയിനിങ്ങ് പൂർത്തിയാക്കുന്നവർക്ക് 15000 രൂപ ടൂൾസ് വാങ്ങുന്നതിന് അഡ്വാൻസ്
5. പരിശീലനം പൂർത്തിയാക്കിയവർക്ക് ഒരു ലക്ഷം രൂപ 5% പലിശ നിരക്കിൽ വായ്പ ആദ്യഘട്ടത്തിൽ
6. രണ്ടാം ഘട്ടത്തിൽ 2 ലക്ഷം രൂപ വായ്പ 5 % പലിശക്ക്

**ആർക്കൊക്കെ ഈ പദ്ധതിയിൽ അംഗങ്ങളാകാം**

1. മേൽപ്പറഞ്ഞ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നവരോ, വ്യാപാരം നടത്തുന്നവരോ ആയിരിക്കണം
2. അപേക്ഷകൻ/അപേക്ഷകക്ക് 18 വയസ്സ് കഴിഞ്ഞിരിക്കണം.
3.രജിസ്ട്രേഷൻ സമയത്ത് അപേക്ഷകൻ/ അപേക്ഷക പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തി ആയിരിക്കണം
4. രജിസ്റ്റർ ചെയ്യുന്ന വ്യകതി 5 വർഷത്തിനുള്ളിൽ തൊഴിൽപരമായ വായ്പ എടുത്ത വ്യക്തി

| | | | |
|---|---|---|---|
| | | | ആയിരിക്കരുത്<br>5. ഒരു റേഷൻ കാർഡിൽ നിന്ന് ഒരാൾക്ക് രജിസ്ട്രേഷൻ<br>6. സർക്കാർ സർവ്വീസിലുള്ളവർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ രജിസ്റ്റർ ചെയ്യാൻ സാധ്യമല്ല.<br><br>**രജിസ്ട്രേഷന് ആവശ്യമായ രേഖകൾ**<br>1.ആധാർ നമ്പർ<br>2. ആധാറുമായി ബന്ധിപ്പിച്ച മോബൈൽ നമ്പർ<br>3. ബാങ്ക് അക്കൗണ്ടിൻ്റെ വിശദ വിവരങ്ങൾ<br>4.റേഷൻ കാർഡ് നമ്പർ<br>5.കാസ്റ്റ് സർട്ടിഫിക്കറ്റ്<br>കൂടുതൽ വിവരങ്ങൾക്ക് CSC- /അക്ഷയ ഇ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.<br><br>കൂടാതെ സംരംഭങ്ങളുടെ ജീവചക്രത്തിലെ വിവിധ ഘട്ടങ്ങളിൽ സംരംഭകർക്ക് ആവശ്യമായ ശേഷി വികസനത്തിനായി വ്യവസായ വകുപ്പ് വിവിധ പരിശീലന പരിപാടികൾ, സംരംഭകർക്കുള്ള ബോധവത്ക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, സംരംഭകത്വ വികസന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, ഇൻഡസ്ട്രീയലൈസേഷൻ ഡ്രൈവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ നടത്തി വരുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന എല്ലാ വർഷവും ജില്ലാ/താലൂക്ക്/തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിൽ സംരംഭക വികസന പരിപാടികൾ, സംരംഭക ബോധവത്കരണ പരിപാടികൾ എന്നിവയും നടത്തി വരുന്നു. |
| (ബി) | നിലവിലുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബാങ്കുകളിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഉല്പാദന, സേവന, വ്യാപാരമേഖലയിൽ ബാങ്ക് വായ്പ എടുത്തു പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനായി വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി. ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% -ത്തിൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി നൽകുന്നു. 01.04.2022-നുശേഷം ബാങ്ക് ലോൺ എടുത്തു ആരംഭിച്ച ഉല്പാദന, സേവന, വ്യാപാര മേഖലയിലെ യൂണിറ്റുകൾക്കാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നത്. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. ലോൺ വിതരണം ചെയ്ത തീയതി മുതൽ ഒരു വർഷകാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| (സി) | ചെറുകിട വ്യവസായം ആരംഭിക്കുന്നതിലൂടെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അഭ്യസ്തവിദ്യർക്ക് പ്രത്യേക സൗകര്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്റ്റാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും കേരള വ്യവസായനയം 2023 ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നു തരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ട് വയ്ക്കുന്നു.<br><br>ചെറുകിട വ്യവസായം ആരംഭിക്കുന്നതിലൂടെ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് അഭ്യസ്തവിദ്യർക്ക് പ്രത്യേക പരിഗണന നല്കുന്ന പദ്ധതികൾ ഇല്ല എങ്കിലും വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭകസഹായപദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാൻറ് പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായപദ്ധതി എന്നീ പദ്ധതികൾ മുഖേന ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ സ്വയം തൊഴിൽ കണ്ടെത്തുന്ന അഭ്യസ്തവിദ്യരായവർക്കും അതത് പദ്ധതി നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ